KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.06/PR/PIC/PHQ/18 Date : 12.01.2018

---

## റോഡപകടങ്ങള്‍ കുറയ്ക്കുന്നതിന് പരിശോധന കര്‍ശനമാക്കുവാന്‍ സംസ്ഥാന പോലീസ് മേധാവി നിര്‍ദ്ദേശം നല്‍കി

സംസ്ഥാനത്ത് റോഡപകടങ്ങളുടെ നിരക്ക് ഈ വര്‍ഷം പത്തു ശതമാനവും വരുന്ന മൂന്നു വര്‍ഷത്തിനുള്ളില്‍ 25 ശതമാനവുമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പരിശോധനകള്‍ കൂടുതല്‍ ശക്തമാക്കാന്‍ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാര്‍ക്ക് നിര്‍ദ്ദേശം നല്‍കി.

2016 നെ അപേക്ഷിച്ച് റോഡപകടങ്ങളുടെ എണ്ണത്തിലും മരണനിരക്കിലും ഗുരുതരപരിക്കുകളുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്. ക്യാമറ നിരീക്ഷണം ശക്തമായതോടെ ദേശീയപാതയിലെ അപകടങ്ങളുടെ എണ്ണവും കാര്യമായി കുറഞ്ഞു. കൂടുതല്‍ ക്യാമറകള്‍ നാഷണല്‍ ഹൈവേയില്‍ വരുംവര്‍ഷങ്ങളില്‍ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. അതേസമയം സംസ്ഥാന പാതകളില്‍ അപകടങ്ങള്‍ വര്‍ദ്ധിച്ചുവരുന്ന പ്രവണതയാണ് കാണുന്നത്.എന്നാല്‍ ഏറ്റവും കൂടുതല്‍ അപകടങ്ങള്‍ നടക്കുന്നത് ദേശീയപാതയും സംസ്ഥാനപാതയും ഒഴികെയുള്ള റോഡുകളിലാണ്. ആയതിനാല്‍ ഈ റോഡുകളില്‍ പരിശോധന കൂടുതല്‍ ശക്തമാക്കണം.

കെ എസ് ആര്‍ ടി സി ബസ്സുകള്‍, പ്രൈവറ്റ് ബസുകള്‍ , ലോറികള്‍, ജീപ്പ് എന്നിവയുടെ അപകടനിരക്ക് കുറഞ്ഞതായി കാണുമ്പോള്‍ അപകടത്തില്‍പ്പെടുന്ന മിനിബസ്സുകളുടെ എണ്ണം കൂടിയതായാണ് കാണുന്നത്. സ്വകാര്യകാറുകളുടെ അപകടവും കൂടി വരികയാണ്. എന്നാല്‍ അതിലുമുപരി, ആകെ ആക്സിഡന്റ് നിരക്കുകളുടെ അറുപതുശതമാനവും ഇരുചക്രവാഹനങ്ങളാണ്. ഇരുചക്രവാഹനങ്ങള്‍ ഓടിക്കുന്നവര്‍ ഹെല്‍മറ്റ് ധരിക്കുന്നതിനും നാലുചക്രവാഹനങ്ങളില്‍ യാത്ര ചെയ്യുന്നവര്‍ സീറ്റ് ബല്‍റ്റ് ധരിക്കുന്നതും ഉറപ്പാക്കുന്നതിന് പരിശോധനകള്‍ കര്‍ശനമാക്കണം.

രാത്രികാലങ്ങളിലാണ് അപകടങ്ങള്‍ കൂടുതലും ഉണ്ടാകുന്നത്. ഡ്രൈവര്‍മാരുടെ ക്ഷീണവും ഉറങ്ങിപ്പോകുന്നതുമാണ് പ്രധാന കാരണങ്ങള്‍. ആയതിനാല്‍ രാത്രികാല

അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പരിശോധനകൾ ശക്തമാക്കണം. ഡ്രൈവർമാർക്ക് വാഹനം നിർത്തി കടുംചായ, കോഫി എന്നിവ നൽകുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെയുള്ള സംവിധാനങ്ങൾ തുടങ്ങുന്നതിനും നടപടി സ്വീകരിക്കണം.

മദ്യപിച്ചും ലഹരിവസ്തുക്കൾ കഴിച്ചും വാഹനമോടിക്കുന്നവരോട് ഒരു തരത്തിലുള്ള മൃദുസമീപനവും പാടില്ല. നാലുവരിപാതകളിൽ ലെയ്ൻ ഡിസിപ്ലിൻ പാലിക്കുന്നതിനും അനധികൃത പാർക്കിങ് ഒഴിവാക്കുന്നതിനും ശക്തമായ നടപടിയെടുക്കണം. ടൂവീലർ ഓടിക്കുന്ന ചെറുപ്പക്കാർ കൂടുതലായി അപകടമരണങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഇത് നിയന്ത്രിക്കാൻ സ്കൂളുകളിലും കോളേജുകളിലും ട്രാഫിക് ബോധവത്കരണം ശക്തമാക്കണം. റെയ്സിങ്, ഓവർ സ്പീഡ് നടക്കുന്ന പ്രദേശങ്ങളിൽ കൂടുതൽ പരിശോധന കർശനമാക്കണം.

സംയോജിത ട്രാഫിക് മാനേജ്മെന്റ് സംവിധാനം അമിത വേഗത കാണുന്ന റോഡുകളിൽ സ്ഥാപിക്കും. റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗങ്ങൾ കൃത്യമായി കൂടുന്നുണ്ടോയെന്ന് ജില്ലാ പോലീസ് മേധാവിമാർ ഉറപ്പാക്കണം. പഞ്ചായത്ത് റോഡുകളിലും ദേശീയ സംസ്ഥാന പാതകളല്ലാത്ത റോഡുകളിലും ഗതാഗത സുരക്ഷാ സംവിധാനങ്ങൾ നടപ്പിലാക്കണം. കഴിയുന്നതും വാഹനങ്ങൾ തടഞ്ഞു നിർത്താതെ ബോഡി ക്യാമറകൾ, ഡിജിറ്റൽ ക്യാമറകൾ തുടങ്ങിയവ ഉപയോഗിച്ച് ട്രാഫിക് പരിശോധനകൾ പൂർത്തിയാക്കുന്നതാണ് ഉചിതം.

പരിശോധനകൾ മോട്ടോർ വാഹനവകുപ്പുമായി ഏകോപനത്തോടെ നടത്തണം. മദ്യപിച്ച് വാഹനമോടിക്കൽ, അലക്ഷ്യമായി വാഹനമോടിക്കൽ എന്നിവയ്ക്ക് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിന് ആർ ടി ഒ യ്ക്ക് അയക്കേണ്ടതാണ്.

വരുന്ന വർഷം അപകടങ്ങളും അപകടമരണങ്ങളും കാര്യമായി കുറയ്ക്കണമെന്ന ലക്ഷ്യത്തോടെ പരിശോധനകൾ നടത്തണമെന്നും പരിശോധനാവേളയിൽ യാത്രക്കാരോട് മാന്യമായി പെരുമാറണമെന്നും ജില്ലാ പോലീസ് മേധാവിമാരോട് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

**************